**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

| **നക്ഷത്രചിഹ്നമിട്ട ചോദ്യം നം.144** | | **05.02.2019-ൽ മറുപടിയ്ക്ക്** | |
|---|---|---|---|
| **തദ്ദേശഭരണ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണ പദ്ധതികൾ** | | | |
| **ചോദ്യം** | | **മറുപടി** | |
| **ശ്രീ.കെ.ഡി. പ്രസേനൻ**<br>**,, എസ്.ശർമ്മ**<br>**,, കെ. ആൻസലൻ**<br>**,, പുരുഷൻ കടലുണ്ടി** | | **എ.സി.മൊയ്തീൻ**<br>**തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** | |
| (എ) | മാലിന്യ സംസ്കരണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്തെല്ലാം നൂതന പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | പെരിന്തൽമണ്ണ നഗരസഭയിൽ ശുചിത്വ മിഷന്റെ അംഗീകൃത സേവനദാതാവായ ജി.പി.എസ് റിന്യൂവബിൾസ് പ്രൈ. ലിമിറ്റഡ്, ബാംഗ്ലൂർ എന്ന ഏജൻസിയുടെ "ബയോശക്തി ബയോ ഊർജ്ജ" എന്ന ശുചിത്വ മിഷൻ അംഗീകരിച്ചിട്ടുള്ള ടെക്നോളജി അടിസ്ഥാനമാക്കി ദിവസേന 2 മെട്രിക് ടൺ ജൈവമാലിന്യം സംസ്കരിക്കുന്നതിന് ശേഷിയുള്ളതും ബയോഗ്യാസിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതുമായ ആധുനിക ബയോഗ്യാസ് പ്ലാന്റ്, പ്രസ്തുത സേവന ദാതാവുമായി നഗരസഭ നേരിട്ട് കരാറിലേർപ്പെട്ട് പൈലറ്റ് അടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.<br>സുൽത്താൻ ബത്തേരി നഗരസഭയിൽ ഡിഡാസ്ക് ബയോ എനർജി പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുടെ പൂർണമായ ഉത്തരവാദിത്തത്തിൽ മാലിന്യത്തിൽ നിന്നും വൈദ്യുതിയും ജൈവ വളവും ഉല്പാദിപ്പിച്ച് വിപണനം ചെയ്യുന്നതിനുള്ള പദ്ധതി നഗരസഭയും ഡിഡാസ്ക് ബയോ എനർജി പ്രൈവറ്റ് ലിമിറ്റഡും തമ്മിൽ ഏർപ്പെടുന്ന പി.പി.പി. കരാറിന്റെ അടിസ്ഥാനത്തിൽ പൈലറ്റ് പദ്ധതിയായി സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.<br>തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ കോർപറേഷനുകളുടെ/നഗരസഭകളുടെ നേതൃത്വത്തിൽ ക്ലസ്റ്റർ അടിസ്ഥാനത്തിൽ സമീപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കൂടി ഉൾപ്പെടുത്തി ആധുനിക സാങ്കേതിക വിദ്യയിൽ |

| | | | |
|---|---|---|---|
| | | | അധിഷ്ഠിതമായി പ്രവർത്തിക്കുന്ന കേന്ദ്രീകൃത വേസ്റ്റ് -റ്റു- എനർജി പ്ലാന്റുകൾ Design, Build, Finance, Operate & Transfer (DBFOT) അടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിന് സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടുണ്ട്. അതിൻപ്രകാരമുള്ള തുടർ നടപടികൾ നടന്നു വരുന്നു.<br>കൊച്ചി കോർപറേഷന്റെ നേതൃത്വത്തിൽ ബ്രഹ്മപുരത്ത് കേന്ദ്രീകൃത വേസ്റ്റ് -റ്റു- എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിന് കൊച്ചി കോർപറേഷനും, ജി ജെ എക്കോ പവർ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയും തമ്മിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പ്ലാന്റ് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം പ്രസ്തുത കമ്പനിക്ക് കൈമാറിയിട്ടുണ്ട്. പ്ലാന്റിന്റെ നിർമ്മാണപ്രവർത്തനങ്ങൾ തുടങ്ങുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.<br>മൂന്നാറിൽ, കണ്ണൻദേവൻ ഹിൽസ് പ്ലാന്റേഷൻ പ്രൈവറ്റ് ലിമിറ്റഡ് വിട്ടു നൽകുന്ന ഭൂമിയിൽ മൂന്നാർ- ദേവികുളം ഗ്രാമ പഞ്ചായത്തുകളും കണ്ണൻദേവൻ ഹിൽസ് പ്ലാന്റേഷൻസ് പ്രൈവറ്റ് ലിമിറ്റഡും എ ജി ഡോട്ടേഴ്സ് വേസ്റ്റ് പ്രോസസിങ് പ്രൈവറ്റ് ലിമിറ്റഡുമായി കരാറിൽ ഏർപ്പെട്ട് കേന്ദ്രീകൃത വേസ്റ്റ്-റ്റു-എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിന് അനുമതി നൽകുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.<br>ഇത് കൂടാതെ സെപ്റ്റേജ് മാനേജ്മെൻറ് സുരക്ഷിതമായി കൈകാര്യം ചെയ്യുന്നതിനുള്ള യന്ത്രവൽക്കരണം, പൊതു സ്ഥലങ്ങളിൽ സാനിട്ടറി കോംപ്ലക്സ്, ബ്ലോക്ക്/നഗരസഭ അടിസ്ഥാനത്തിൽ റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ, ഹരിതകർമ്മ സേന വഴിയുള്ള അജൈവമാലിന്യ ശേഖരണം, ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കൽ, നിലവിലുള്ള മാലിന്യ സംസ്കരണ പ്ലാന്റുകളുടെ പുനരുദ്ധാരണം തുടങ്ങിയ മാലിന്യ സംസ്കരണ നടപടികളും തദ്ദേശ സ്വയംഭരണസ്ഥാപനതലത്തിൽ നടന്നു വരുന്നു. |
| (ബി) | വീടുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകി വരുന്ന സാങ്കേതിക, സാമ്പത്തിക സഹായങ്ങൾ എന്തൊക്കെയാണ്; | (ബി) | ഉറവിട മാലിന്യ സംസ്കരണത്തിനായി വീടുകളിൽ ഗുണഭോക്താക്കളുടെ ആവശ്യാനുസരണം പ്രതിദിനം 0.5m³ മുതൽ 1m³ വരെ മാലിന്യ സംസ്കരണ ശേഷിയുള്ള ഗാർഹിക ബയോഗ്യാസ് പ്ലാന്റുകളാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നൽകുന്നത്. ഇത്തരത്തിൽ ബയോഗ്യാസ് |

| | | | |
|---|---|---|---|
| | | | പ്ലാന്റുകൾ സ്ഥാപിക്കുന്നത് സർക്കാർ അക്രഡിറ്റഡ് ഏജൻസികൾ മുഖേനയോ, ശുചിത്വ മിഷൻ എംപാനൽ ചെയ്തിട്ടുള്ള സേവനദാതാക്കൾ മുഖേനയോ ആണ്. സ്ഥാപിക്കപ്പെടുന്ന ബയോ ഗ്യാസ് പ്ലാന്റുകളുടെ 6 മാസത്തെ സേവന പരിപാലന ചുമതല ടി ഏജൻസികൾക്കാണ്. ഇത്തരത്തിൽ ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നിലിൽ സബ്സിഡിയായി പരമാവധി 50% തുക അനുവദിച്ച് വരുന്നുണ്ട്.<br>വീടുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതികൾക്ക് സാങ്കേതിക അനുമതി നൽകുന്നതിന് ശുചിത്വമിഷനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. |
| (സി) | അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനും തരം തിരിച്ച് റീസൈക്ലിംഗിനായി കൈമാറ്റം ചെയ്യുന്നതിനും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | റിസോഴ്സ് റിക്കവറി ഫെസിലിറ്റി കേന്ദ്രങ്ങൾ ക്ലസ്റ്റർ അടിസ്ഥാനത്തിൽ സ്ഥാപിച്ചു വരുന്നുണ്ട്. |
| (ഡി) | വർദ്ധിച്ചു വരുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കാനും അവയുടെ നടത്തിപ്പിന് ആവശ്യമായ സാങ്കേതിക സഹായം നൽകാനും ക്ലീൻ കേരളകമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ഉണ്ട്. സംസ്ഥാനത്തെ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ ഉൾപ്പെടെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപങ്ങളിലും പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പ്രോജക്ടുകൾ തയ്യാറാക്കി ടെണ്ടർ നടപടി ഒഴിവാക്കി പദ്ധതി നിർവ്വഹണം നടത്തുന്നതിനും പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് & ബെയിലിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ സാങ്കേതിക സഹായം നൽകുന്നതിനും ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഒരു മുനിസിപ്പൽ കോർപ്പറേഷനിൽ നാലും ഓരോ മുനിസിപ്പാലിറ്റിയിലും ബ്ലോക്ക് പഞ്ചായത്തിലും ഒന്നു വീതവും എന്ന തരത്തിൽ ആകെ 263 പ്ലാസ്റ്റിക്ക്ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ ആരംഭിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഓരോ പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റിലും ഒരു ഷ്രെഡ്ഡിംഗ് മെഷീൻ, ഒരു ബെയിലിംഗ് മെഷീൻ എന്നിവയുണ്ടാകും. ഷ്രെഡ്ഡിംഗിന് ഉപയോഗിക്കുന്ന പ്ലാസ്റ്റിക് വൃത്തിയാക്കുന്നതിനും തരംതിരിക്കുന്നതിനും |

| | | | |
|---|---|---|---|
| | | | സഹായകമായ ഡസ്റ്റ് റിമൂവർ മെഷീനും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുവരെ 155 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ക്ലീൻ കേരള കമ്പനി കരാറിൽ ഏർപ്പെട്ടുകയും 120 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മെഷിനറികൾ നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ 60 യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ള സ്ഥലങ്ങളിൽ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. |

സെക്ഷൻ ഓഫീസർ